DESABHIMANI - 10-10-2025

# അന്റാർട്ടിക്കൻ ശാസ്ത്രപര്യവേഷണത്തിന് ഡോ. ടോംസ് സി ജോസഫ്

**കൊച്ചി**



കൊച്ചിയിലെ ഐസിഎആർ– സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലെ (ഐസർ– സിഫ്റ്റ്) പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടോംസ് സി ജോസഫ് ഇന്ത്യയുടെ അന്റാർട്ടിക്കയിലേക്കുള്ള 45–ാമത് ശാസ്ത്ര പര്യവേഷണത്തിന്റെ ഭാഗമാകും. ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച് (എൻസിപിഒആർ) ആണ് ശാസ്ത്രപര്യവേഷണം സംഘടിപ്പിക്കുന്നത്. ഏറ്റവും ദുർബലമായ അന്റാർട്ടിക് ആവാസവ്യവസ്ഥയിൽ മൈക്രോപ്ലാസ്റ്റിക്കുകൾ എങ്ങനെ രോഗകാരികളുടെയും ആന്റിമൈക്രോബിയൽ പ്രതിരോധ ജീനുകളുടെയും വാഹകരാകും എന്നതിലാണ് ഇദ്ദേഹം ഗവേഷണം നടത്തുക. മൈക്രോപ്ലാസ്റ്റിക് മലിനികരണത്തിന്റെ ആഗോള പ്രത്യാഘാതങ്ങളെക്കുറിച്ചും പരിസ്ഥിതിക്കും മനുഷ്യന്റെ ആരോഗ്യത്തിനും ഇതുമൂലമുണ്ടാകുന്ന ഭീഷണിയെക്കുറിച്ചും മനസ്സിലാക്കാൻ ഈ പഠനത്തിൽനിന്നുള്ള കണ്ടെത്തലുകൾ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഡോ. ടോംസ് സി ജോസഫ് പറഞ്ഞു.